**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **04-02-2026 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യയിൽ എവിടെയും ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കേരളീയരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എപ്പോഴാണ് ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി "ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്..<br><br>**"ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്' എന്ന പദ്ധതിയ്ക്ക് 2225-04-277-85-12 (പ്ലാൻ) ശീർഷകത്തിൽ നിന്നും 600 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി 31.10.2025 ലെ സ.ഉ(സാധാ) 4732/2025/GAD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണ പഠന കാലയളവിൽ (5 വർഷം) പ്രതിവർഷം 2,40,000/- രൂപ നിരക്കിൽ 3 ഗഡുക്കളായി (5 വർഷം കോഴ്സ് കാലയളവിൽ ഏതെങ്കിലും മൂന്ന് വർഷം) 7,20,000രൂപ അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സ്കോളർഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളതും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അർഹരായ അപേക്ഷകർക്ക് 2026 ഫെബ്രുവരി ആദ്യവാരത്തോടു കൂടി ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിലും ഇന്ത്യയിലെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉന്നത വിദ്യാഭ്യാസം നടത്തുന്നതിനായി പ്രത്യേക | (ബി) | ഉണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദ-ബിരുദാനന്തര - പി.എച്ച്ഡി കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് |

| | | | |
|---|---|---|---|
| | സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | | മുഖേന **വിദേശപഠന സ്കോളർഷിപ്പ്** അനുവദിച്ചുവരുന്നു.<br><br>വിദേശ സർവ്വകലാശാലകളിൽ പഠനത്തിനായി വിദ്യാർത്ഥികൾ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ അടിസ്ഥാനത്തിൽ 5,00,000/-രൂപ സ്കോളർഷിപ്പായി അനുവദിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്ക് 2225-04-277-91-12 (പ്ലാൻ) ശീർഷകത്തിൽ 170 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ 21 വിദ്യാർത്ഥികൾക്കായി 105 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്.<br><br>രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളായ IIT/IIM/IIsc/IMsc എന്നിവിടങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്ക് IIT/IIM/IIsc/IMsc സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. പ്രസ്തുത സ്കീം മുഖേന 50,000/- രൂപ സ്കോളർഷിപ്പായി നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്ക് 2225-04-277-96 – 12 (പ്ലാൻ) ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ 33 വിദ്യാർത്ഥികൾക്കായി 16.50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ